കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതി പ്രകാരം 231 സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികളും 24 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്കീമുകൾ

31 [2747] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏതെല്ലാം സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 1000 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ പമ്പ് ഓപ്പറേറ്റർമാരെ ആവശ്യമില്ലെന്ന് പഞ്ചായത്തുകൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 163 സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. വിശദാംശം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി

32 [2748] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര പദ്ധതികളാണ് സംസ്ഥാനത്ത് ഇതേവരെയായി പൂർത്തിയാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് വേണ്ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി. റ്റി. എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 5% തുക ഗുണഭോക്താക്കൾ

LIBRARY ARCHIVES Kerala Legislative Assembly

പണമായി സ്വരൂപിക്കുകയും 5% പദ്ധതിക്കാവശ്യമായ ഭൂമിയായോ സന്നദ്ധ സേവനമായോ നൽകുകയും ചെയ്യേണ്ടതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അതാത് ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ കേന്ദ്ര സഹായം രണ്ട് ഗഡുവായി പ്രസ്തുത സൊസൈറ്റിക്ക് ലഭിക്കുന്നതാണ്. പദ്ധതികളുടെ നിർവ്വഹണവും ഭാവി പരിപാലനവും നടത്തേണ്ടത് ഗുണഭോക്തൃസമിതിയാണ്.

(ബി) സ്വജൽധാരം-I പദ്ധതിയിൻകീഴിൽ കോട്ടയം ജില്ലയിൽ ഒരു പദ്ധതിയും തൃശ്ശൂർ ജില്ലയിൽ രണ്ട് പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. സ്വജൽധാരം-II പദ്ധതിയിൻകീഴിൽ കാസർഗോഡ് ജില്ലയിൽ 12 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സ്വജൽധാരം-I പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	..	8.425	ലക്ഷം രൂപ
കോട്ടയം	..	17.185	,,
എറണാകുളം	..	1.75	,,
ഇടുക്കി	..	32.19	,,
തൃശ്ശൂർ	..	70.93	,,
പാലക്കാട്	..	15.01	,,
മലപ്പുറം	..	75.469	,,
കോഴിക്കോട്	..	23.78	,,
കണ്ണൂർ	..	6.00	,,
കാസർഗോഡ്	..	7.00	,,

കൂടാതെ സ്വജൽധാര-II പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 37.06 ലക്ഷം രൂപയും കൊല്ലം ജില്ലയിൽ 142.45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

നദീജല കരാറുകൾ ജലനയത്തിൽ ഉൾപ്പെടുത്തി പുനഃപരിശോധിക്കാൻ നടപടി

33 [2749] ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്:
,, പി. ജയരാജൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒരു ജല നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly